(ഡി) ജില്ലാ മെഡിക്കൽ സ്റ്റോറിൽ നിന്നും അനുവദിച്ചിട്ടുള്ള മരുന്നുകൾ ഈ പി.എച്ച്.സി.-യിൽ ലഭ്യമാക്കിയിട്ടുണ്ട്. അത്യാവശ്യ സന്ദർഭങ്ങളിൽ ആശുപത്രി വികസന ഫണ്ട് ഉപയോഗിച്ച് മരുന്നുകൾ വാങ്ങുന്നുണ്ട്. മരുന്നുകളും മറ്റു സാമഗ്രികളും കൂടുതലായി ആവശ്യം വന്നാൽ അവ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ലാബോറട്ടറിയുടെ ആവശ്യത്തിലേക്കായി പ്ലാനും എസ്റ്റിമേറ്റും 2003-04-ലെ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നകാര്യം പരിശോധനയിലാണ്.

മുതക്ക, പട്ടിമറ്റം, പി.എച്ച്.സി.കളിൽ കിടത്തി ചികിത്സ ആരംഭിക്കുവാൻ നടപടി

109 (2237) ശ്രീ. ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുതക്ക, പട്ടിമറ്റം, പി. എച്ച്.സി.-കളിൽ എം. പി. ഫണ്ടിൽ നിന്നും 10 പേർക്ക് വീതം കിടത്തി ചികിത്സയ്ക്കുള്ള വാർഡുകൾ നിർമ്മിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ വാർഡുകളിൽ കിടത്തി ചികിത്സ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പി.എച്ച്.സി.-യിൽ ദിനംപ്രതി എത്ര രോഗികൾ പുറത്തുനിന്ന് വന്ന് ചികിത്സ നടത്തിപ്പോകുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ഗ്രാമപ്രദേശങ്ങളിൽനിന്നുള്ള രോഗികളാണ് ഇവിടെ വരുന്നത് എന്നുള്ളതുകൊണ്ട് കൂടുതൽ മരുന്നും മറ്റ് സാമഗ്രികളും നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കിടത്തി ചികിത്സയ്ക്ക് ആവശ്യമായ ജീവനക്കാരും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

(സി) പട്ടിമറ്റം പി.എച്ച്.സി.-യിൽ ഏകദേശം 62 രോഗികൾ പുറത്ത്നിന്ന് ചികിത്സ നടത്തിപോകുന്നുണ്ട്.

(ഡി) ജില്ലാ മെഡിക്കൽ സ്റ്റോറിൽനിന്നും അനുവദിച്ചിട്ടുള്ള മരുന്നുകൾ ഇവിടേക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ മരുന്നുകളും മറ്റ് സാമഗ്രികളും ആവശ്യമായി വന്നാൽ അവ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly